**<u>ജമ്മു കശ്മീരിലെ തീവ്രവാദി ആക്രമണത്തെ പ്രധാനമന്ത്രി അപലപിച്ചു</u>**

സെപ്തംബര് 26, 2013

ഇന്ന് പുലര്ച്ചെ ജമ്മു കശ്മീരിലെ ഹീരാ നഗര് പോലീസ് സ്റ്റേഷനും സാംബയിലെ സൈനിക ക്യാമ്പിനും നേരെ നടന്ന നിഷ്ഠൂരമായ തീവ്രവാദ ആക്രമണത്തെ അപലപിക്കുവാന് വാക്കുകള് മതിയാകില്ല . ഈ ഭീരുത്വപരമായ ആക്രമണത്തില് രക്തസാക്ഷികളായ ധീരന്മാരായ , സൈന്യത്തിലെയും പോലീസിലെയും ഉദ്യോഗസ്ഥര് , അതേ പോലെ നിരപരാധികളായ ജനങ്ങള് എന്നിവരുടെ കുടുംബാംഗങ്ങളോടുള്ള എന്റെ ഹൃദയസ്പര്ശകമായ അനുശോചനം അറിയിച്ചു കൊള്ളുന്നു . സമാധാനത്തിന്റെ ശത്രുക്കളില് നിന്നുമുണ്ടാകുന്ന പ്രകോപനപരവും കിരാതവുമായ ആക്രമണ പരമ്പരയില് ഒന്നുകൂടിയാണിത് . അതിര്ത്തിക്കപ്പുറത്ത് നിന്നും പ്രോത്സാഹനവും ബലവും തുടര്ച്ചയായി സ്വീകരിക്കുന്ന തീവ്രവാദ ഭീഷണിയോട് അചഞ്ചലമായി പൊരുതുവാനും തോല്പ്പിക്കുവാനും ഞങ്ങള് ദൃഢനിശ്ചയം ചെയ്യുന്നു . ഇത്തരം ആക്രമണങ്ങള് ഞങ്ങളെ പിന്തിരിപ്പിക്കുകയില്ല , ചര്ച്ചകളിലൂടെ എല്ലാ പ്രശ്നങ്ങള്ക്കും പരിഹാരം കണ്ടെത്തുവാനുള്ള ഞങ്ങളുടെ ശ്രമങ്ങളെ അവതാളത്തിലാക്കുന്നതില് വിജയിക്കുകയുമില്ല